"ഭരണഭാഷ - മാതൃഭാഷ"

സി.14/20

ട്രൈബൽഡവലപ്പ്മെന്റ്ആഫീസ്,
ckdtdo@gmail.com
Phone : 0480-2706100
ചാലക്കുടി-680 307, തീയതി 03.01.2020

## വിജ്ഞാപനം

സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്പ്മെന്റ് സ്കീം പ്രകാരമുള്ള സ്കോളർഷിപ്പിനുള്ള 2020-21 അദ്ധ്യയന വർഷത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി 2019-20 അദ്ധ്യയന വർഷം 4-)o ക്ലാസിൽ പഠനം നടത്തുന്ന സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി 2020 മാർച്ച് മാസം 7-)o തീയതി ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ മത്സര പരീക്ഷ നടത്തപ്പെടുന്നതാണ്. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ മാത്രം ഉൾപ്പെടുന്നവരും, വാർഷിക വരുമാനം 50,000/- രൂപയിൽ കവിയാത്തവരുമായ വിദ്യാർത്ഥികൾക്ക് പ്രസ്തുത മത്സര പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. പ്രത്യേക ദുർബല ഗോത്രവർഗ്ഗത്തിൽപ്പെടുന്നവർക്ക് വരുമാന പരിധി ബാധകമല്ല.

പരീക്ഷയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ തങ്ങളുടെ പേര്, രക്ഷിതാവിന്റെ പേര്, മേൽ വിലാസം, ഫോൺ നമ്പർ, സമുദായം, കുടുംബ വാർഷിക വരുമാനം, വയസ്സ്, ആൺകുട്ടിയോ പെൺകുട്ടിയോ പഠിക്കുന്ന ക്ലാസ്സും സ്കൂളിന്റെ പേരും വിലാസവും തുടങ്ങിയ വിവരങ്ങൾ അടങ്ങിയ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ സ്കൂൾ മേധാവിയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം തൃശ്ശൂർ ജില്ലയിൽ ചാലക്കുടി ട്രൈബൽ ഓഫീസിൽ/ ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ 2020 ഫെബ്രുവരി 5-)o തീയ്യതിയിലോ അതിനു മുൻപോ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞു ലഭിക്കുന്നതോ, മേൽ പരാമർശിച്ച പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷ യോടൊപ്പം ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല.

തിരഞ്ഞെടുക്കപ്പെടുന്നവർ സ്കോളർഷിപ്പ് കൈപ്പറ്റുന്നതിന് മുമ്പായി തങ്ങളുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകളുടെ അസ്സൽ ചാലക്കുടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനും, പ്രത്യേക ട്യൂഷൻ നൽകുന്നതിനും അടക്കമുള്ള ധനസഹായം നൽകുന്നതാണ്. ഇവയ്ക്ക് പുറമെ 10-)o ക്ലാസ് വരെയുള്ള പഠനത്തിന് പ്രതിമാസ സ്റ്റൈപ്പന്റും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ചാലക്കുടി ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസുമായോ (0480 2706100) ആമ്പല്ലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുമായോ (9496070362) ബന്ധപ്പെടുക. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം – ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ, പട്ടികവർഗ്ഗ വികസന ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, ചാലക്കുടി – 680307.

*ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർ*

നോട്ടീസ് ബോർഡ്

പകർപ്പ്: 1. ജില്ലാ ഇൻഫർമേഷൻ ആഫീസർ, തൃശ്ശൂർ.
(പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, തൃശ്ശൂർ.
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃശ്ശൂർ/ഇരിങ്ങാലക്കുട/ചാവക്കാട്
4. അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ, ചാലക്കുടി/ചാവക്കാട്/ചേർപ്പ്/ഇരിങ്ങാലക്കുട/ കൊടുങ്ങല്ലൂർ/മാള/മുല്ലശ്ശേരി/തൃശ്ശൂർ ഈസ്റ്റ്/തൃശ്ശൂർ വെസ്റ്റ്/വലപ്പാട്/ വടക്കാഞ്ചേരി/കുന്നംകുളം.
5. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ആമ്പല്ലൂർ.
6. സംരക്ഷണ ഫയൽ/ സ്പെയർ